# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 523 — 26.03.2018 -ൽ മറുപടിക്ക്

### ഏകാധ്യാപക വിദ്യാലയങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപടി

ചോദ്യം

**ഉത്തരം**

**ശ്രീ.യു.ആർ പ്രദീപ്**
**ശ്രീ.ഒ. ആർ. കേളു**
**ശ്രീ.പി.വി. അൻവർ**
**ശ്രീ. കെ.വി.വിജയദാസ്**

പ്രൊഫ : സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | വിദ്യാഭ്യാസ അവകാശ നിയമം ഫലപ്രദമാക്കുന്നതിനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം അർത്ഥ പൂർണ്ണമാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ആശ്രയിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ചെയ്തു വരുന്ന കാര്യങ്ങൾ അറിയിക്കാമോ; | എ) | ഏകാദ്ധ്യാപക വിദ്യാലയങ്ങൾ മുഖ്യധാര പൊതുവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഉള്ളതല്ല. പൊതു വിദ്യാലയങ്ങളിൽ എത്തിച്ചേരാൻ സാധിയ്ക്കാത്ത പിന്നോക്ക പ്രദേശങ്ങളിലെ. വിദ്യാർത്ഥികളെ മുഖ്യധാര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമാക്കി പൊതുവിദ്യാലയങ്ങളിൽ എത്തിയ്ക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| ബി) | കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇവയെ എൽ.പി./യു.പി സ്കൂളുകളാക്കി ഉയർത്തുന്നതിനും പദ്ധതിയുണ്ടോ; | ബി) | 2014 ൽ സംസ്ഥാനത്തെ 111 എം.ജി.എൽ.സി.കളെ ഗവൺമെൻറ് എൽ.പി.സ്കൂളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനായി ഉത്തരവായെങ്കിലും ഇവയിൽ പലതും അപ്ഗ്രേഡ് ചെയ്യപ്പെടേണ്ടവയല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ പഠനത്തിന് ശേഷമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |
| സി) | ഇത്തരം വിദ്യാലയങ്ങളിലെ അധ്യാപകർ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണെന്നും ഇവർക്കുള്ള നാമമാത്രമായ ആനുകൂല്യങ്ങൾ പോലും കൃത്യമായി ലഭിക്കുന്നില്ലെന്നും ഉള്ള പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | സി) | ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാ വോളൻറിയർ മാർക്ക് 01/04/2017 മുതൽ 17,325/ രൂപ (പതിനേഴായിരത്തി മുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ ) ക്രമത്തിലാണ് ഓണറേറിയം നൽകിവരുന്നത്. ഗവൺമെൻറിൽ നിന്ന് അലോട്ട്മെൻറ് ലഭ്യമാകുന്ന മുറയ്ക്ക് ഇവ കൃത്യമായി നൽകാറുണ്ട്. 2018 ഫെബ്രുവരി മാസത്തെ ഓണറേറിയം മാത്രമാണ് ഇനി നൽകാനുള്ളത്. |

സെക്ഷൻ ഓഫീസർ